*ഭരണ ഭാഷാ - മാതൃഭാഷാ*

നമ്പർ: എ2/1418/2015/റ്റിബിഒ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
(പാഠപുസ്തക വിഭാഗം), പത്മവിലാസം റോഡ്,
ഫോർട്ട്.പി.ഒ, തിരുവനന്തപുരം -23
തീയതി : 20/10/2016, ഫോൺ നം. 0471-2450027

പൊതു വിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം.

വിദ്യാഭ്യാസ ഉപഡയറക്ടർ
...........................

സർ,

വിഷയം:- പൊ.വി.- രണ്ടാം വാല്യം പാഠപുസ്തക വിതരണം 2016-17 - കണക്ക് ശേഖരിക്കുന്നത് - സംബന്ധിച്ച്.

സൂചന:-
1. ഈ ആഫീസിലെ 08.09.2016 ലെ ഇതേ നമ്പർ കത്ത്.
2. ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ്മന്ത്രി വിളിച്ചുകൂട്ടിയ വിദ്യാഭ്യാസ ഓഫീസർമാരുടെ യോഗതീരുമാനങ്ങൾ.

2016-17 അദ്ധ്യയന വർഷത്തിലേയ്ക്ക് ആവശ്യമായ 2-ാം വാല്യം പാഠപുസ്തകങ്ങളുടെ വിതരണം പൂർത്തിയായിക്കൊണ്ടിരിക്കുന്നു എന്ന് കെ.ബി.പി.എസ് അധികാരികളുടെ റിപ്പോർട്ട് പ്രകാരം മനസ്സിലാക്കുന്നു. എല്ലാ ഉപജില്ലാ ഓഫീസർമാരും, 14/10/2016 ലെയും, 17/10/2016 ലെയും, ബഹു.വിദ്യാഭ്യാസവകുപ്പ് മന്ത്രി നിർദേശിച്ചപ്രകാരം സ്കൂളുകളിൽ എല്ലാ കുട്ടികൾക്കും പുസ്തകം കിട്ടി എന്ന് ഉറപ്പുവരുത്തേണ്ടതാണ്. ക്രോഡീകരിച്ച റിപ്പോർട്ട് എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസലർമാരും, ദിവസവും വൈകുന്നേരം 5 മണിക്കുമുമ്പായി ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നൽകേണ്ടതും, വിദ്യാഭ്യാസ ഉപജറക്ടർ എല്ലാ ദിവസവും വൈകുന്നേരം 6 മണിയ്ക്കു മുമ്പായി ടെക്സ്റ്റ് ബുക്ക് ഓഫീസർക്കും, പൊതുവിദ്യാഭ്യാസ ഡയറക്ടർക്കും നൽകേണ്ടതുമാണ്. ടി വിഷയം അതീവഗൗരവമുള്ളതാണെന്നും, ഒരു വിദ്യാർത്ഥിക്കുപോലും പാഠപുസ്തകം കിട്ടാത്ത സാഹചര്യമുണ്ടാകരുതെന്നും ബഹു. പൊതുവിദ്യാഭ്യാസ മന്ത്രി വിദ്യാഭ്യാസ ഓഫീസർമാരുടെ യോഗത്തിൽ ഓർമ്മപ്പെടുത്തിയിരുന്നതാണ്. ആയതിനാൽ വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്തുള്ള പ്രവർത്തനം എല്ലാ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഇക്കാര്യത്തിൽ ഉണ്ടാകണമെന്ന് ഒരിക്കൽ കൂടി ഓർമ്മപ്പെടുത്തുന്നതോടൊപ്പം വീഴ്ച വരുത്തുന്നവർക്കെതിരെ കർശനമായ അച്ചടക്ക നടപടി സ്വീകരിക്കുന്നതാണെന്നും മുന്നറിയിപ്പു തരുന്നു.

ഓരോ റവന്യൂജില്ലയിലെയും പാഠപുസ്തകങ്ങളുടെ വിശദാംശങ്ങൾ (അധികം/ കുറവ്) ശേഖരിച്ച് ഈ മാസം 25 ന് വൈകിട്ട് 5 മണിക്കുമുമ്പായി വിദ്യാഭ്യാസ

ഉപഡയറക്ടർമാർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്. എല്ലാ വിദ്യാഭ്യാന ഉപഡയറക്ടർമാരും, പാഠപുസ്തകങ്ങളുടെ ടൈറ്റിൽ അടിസ്ഥാനമാക്കിയുള്ള വിശദാംശങ്ങൾ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരിൽ നിന്നും ശേഖരിക്കുന്ന കണക്കുകൾ ക്രോഡീകരിച്ച് റവന്യു ജില്ലാടിസ്ഥാനത്തിൽ 25.10.2016 ന് 5 മണിക്കുമുമ്പ് എത്ര പുസ്തകങ്ങൾ കുറവ് / കൂടുതൽ എന്ന കണക്ക് ശേഖരിച്ച് സമർപ്പിക്കുന്നതിന് ഇതിനാൽ നിർദേശിക്കുന്നു. ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും തങ്ങളുടെ അധികാര പരിധിയിലുള്ള ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരെ സഹായിക്കുന്നതിന് പാഠപുസ്തക ഓഫീസിൽ നിലവിലുള്ള ജീവനക്കാരെ ചുമതലപ്പെടുത്തേണ്ടതും, അതോടൊപ്പം ഡിഇഒ ഓഫീസിലെ ജീവനക്കാരുടെ സഹായത്താൽ പാഠപുസ്തകങ്ങൾ എല്ലാ സ്കൂളുകളിലും എത്തി എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

രേഖപ്പെടുത്തി നൽകുന്ന കണക്കുകൾ കുറ്റമറ്റതും, കൃത്യവുമായിരിക്കുവാൻ താങ്കൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

പൊതു വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്,

എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും